കടുത്തുരുത്തി-കുറുപ്പന്തറ പി.എച്ച്.സി.-കളിലെ കിടത്തി ചികിൽസ

111(2579) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി-കുറുപ്പന്തറ പി.എച്ച്.സി.-കളിൽ കിടത്തി ചികിൽസ അനുവദിക്കുന്നതു സംബന്ധിച്ച ഫയൽ പരിഗണനയിലുണ്ടോ; എങ്കിൽ ഇതിന്റെ സെക്രട്ടറിയേറ്റിലെയും ഡി.എച്ച്.എസ്സ്. -ലെയും ഫയൽ നമ്പർ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഫയലിന്റെ ഇപ്പോഴത്തെ പുരോഗതിയും തുടർ നടപടിയും അറിയിക്കുമോ?

ഉത്തരം

(എ) പരിഗണനയിലുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ഫയൽ നമ്പർ പി.എൽ.ബി1 32374/13/ആ.വ.ഡ.-ഉം കുറുപ്പന്തറ പി.എച്ച്.സി.-യുമായി ബന്ധപ്പെട്ട സെക്രട്ടേറിയറ്റിലെ ഫയൽ നമ്പർ 39847/എം.1/2012 ഉം ആണ്. കടുത്തുരുത്തി പി.എച്ച്.സി.-യുമായി ബന്ധപ്പെട്ട് നിലവിൽ സെക്രട്ടേറിയറ്റിൽ ഫയലില്ല.

(ബി) ഫയൽ നമ്പർ 39847/എം.1/12./ ആ.കു.വ. നമ്പർ ഫയലിൽ കുറുപ്പന്തറ പി.എച്ച്.സി.-യിൽ ഐ.പി. യൂണിറ്റ് പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ചുള്ള റിപ്പോർട്ട് ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ലഭ്യമായിട്ടില്ല. കടുത്തുരുത്തി ബ്ലോക്കിലെ നിലവിലുള്ള പി.എച്ച്.സി.-കളുടെ വിവരങ്ങളും സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിലേക്കുള്ള അകലവും അറിയിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടർ ജില്ലാ മെഡിക്കൽ ആഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

നിർമ്മാർജ്ജനം ചെയ്ത രോഗങ്ങൾ വീണ്ടും പ്രത്യക്ഷപ്പെടുന്നതിന്റെ കാരണം

112(2580) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാജ്ജനം ചെയ്ത ഡിഫ്ത്തീരിയ, പോളിയോ തുടങ്ങിയ രോഗങ്ങൾ വീണ്ടും പ്രത്യക്ഷപ്പെടുന്നതിന്റെ കാരണം പഠന വിധേയമാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കുത്തിവയ്പ് എടുക്കുന്നതിനുള്ള വിമുഖതയും കുത്തിവെപ്പിനെതിരായ പ്രചരണങ്ങളും ഇതിന് കാരണമാകുന്നുണ്ടോ ; എങ്കിൽ ഇത് മറികടക്കുന്നതിന് എന്തെല്ലാം നടപടികൾ ചെയ്യുവാൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ ;

(സി) കുത്തിവയ്ക്കുന്നതിനും തുള്ളി മരുന്നായി നൽകുന്നതിനും ഉപയോഗിക്കുന്ന മരുന്നുകൾ ശരിയായ ഊഷ്മാവിൽ സൂക്ഷിക്കാത്തതു കാരണം ഇവയുടെ ഫലസിദ്ധിക്ക് കോട്ടം തട്ടുന്നുണ്ടോയെന്നു പരിശോധിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്. ഇത്തരം രോഗങ്ങൾ പ്രത്യക്ഷപ്പടാനുള്ള പ്രധാന കാരണം ഒരു വിഭാഗം ആളുകൾ സാർവത്രിക പ്രതിരോധ കുത്തിവെയ്പ് ശിശുക്കൾക്ക് നൽകാൻ വിമുഖത കാണിക്കുന്നതുകൊണ്ടാണ്. കൂടാതെ പ്രതിരോധ കുത്തിവയ്പുകൾക്കെതിരെ ഒരു ചെറിയ വിഭാഗം ആൾക്കാർ നടത്തുന്ന കപ്രചരണങ്ങളും പ്രതിരോധ കുത്തിവയ്പുകൾക്കെതിരെയുള്ള തെറ്റായ വിശ്വാസങ്ങൾ കാരണവുമാണ്. ഇത് ഏറ്റവും കൂടുതൽ കാണപ്പെടുന്നത് മലപ്പുറം ജില്ലയിലാണ്. മുകളിൽ പ്രസ്താവിച്ച രോഗങ്ങൾ പിടിപെട്ട കുട്ടികളുടെ പശ്ചാത്തലം പരിശോധിക്കുമ്പോൾ പ്രതിരോധ കുത്തിവെയ്പ് പൂർണ്ണമായോ, ഭാഗികമായോ എടുക്കാത്തതുകൊണ്ടാണ് രോഗം പിടിപെട്ടതെന്ന് വ്യക്തമാകുന്നതാണ്. ഡി.എൽ.എച്ച്.എസ്.-4 (ഡിസ്ട്രിക്ട് ലെവൽ ഹൗസ്ഹോൾഡ് സർവ്വേ) പ്രകാരം സംസ്ഥാനത്ത് പൂർണ്ണമായി പ്രതിരോധ കുത്തിവയ്പ് എടുത്ത കുട്ടികൾ ശരാശരി 82 % ആണ്. എന്നാൽ മലപ്പുറം ജില്ലയിൽ പൂർണ്ണമായി പ്രതിരോധ കുത്തിവേയ്പ് എടുത്ത കുട്ടികൾ 72% മാത്രമാണ്. സമഗ്ര കർമ്മ പദ്ധതിയിലൂടെ മുഴുവൻ കുട്ടികൾക്കും പ്രതിരോധ കുത്തിവയ്പ് ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് ആരോഗ്യ വകുപ്പിന്റെ പ്രവർത്തനങ്ങൾ മറ്റ് സർക്കാർ ഇതര വകുപ്പുകളുടേയും ഐ.എ.പി., ഐ.എം.എ., കെ.ജി.എം.ഒ.എ, കൃ.യു.ഐ.എം.പി. മുതലായ സംഘടനകളുടെയും സഹകരണത്തോടെ കുത്തി വയ്പിനെക്കുറിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) ഉണ്ട്. ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുവേണ്ടി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ഉദ്യോഗസ്ഥരായ മെഡിക്കൽ ആഫീസർ, ഹെൽത്ത് ഇൻസ്പെക്ടർ, ലേഡി ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് കൂടാതെ അംഗൻവാടി പ്രവർത്തകർ, ആശാ പ്രവർത്തകർ എന്നിവർ മുഖേന പ്രതിരോധ കുത്തിവയ്പുകളെക്കുറിച്ചും അതിന്റെ ആവശ്യകത, പ്രാധാന്യം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങിയവ സംബന്ധിച്ചുള്ള ബോധവൽക്കരണം നേരിട്ടും ചെറുസംഘങ്ങളിലൂടെയും പഞ്ചായത്ത് തലങ്ങളിൽ നടത്തിവരുന്നു. കൂടാതെ വിവിധ രോഗങ്ങളെക്കുറിച്ചും പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള ലഘുലേഖകൾ, പോസ്റ്ററുകൾ, ബാനറുകൾ, ചുവരെഴുത്ത് എന്നിവയിലൂടെയും ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. വിവിധ ജില്ലകളിൽ റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാന്റ് എന്നീ ജനത്തിരക്കേറിയ മേഖലകൾ കേന്ദ്രീകരിച്ച് ബോധന പരിശീലന പരിപാടികളും പ്രചരണവും നടത്തുന്നുണ്ട്. കഴിഞ്ഞ മാസങ്ങളിലും ഇത്തരം പരസ്യ ബോധന പരിശീലന പരിപാടികൾ നടത്തിയിരുന്നു. എഫ്.എം. റേഡിയോ വഴി പ്രതിരോധ കുത്തിവയ്പിന്റെ ആവശ്യകതയെപ്പറ്റി റേഡിയോ പരസ്യങ്ങളും നൽകുന്നുണ്ട്. ഒപ്പം ലഘുരേഖകൾ അച്ചടിച്ചും ദേശീയ ആരോഗ്യ ദൗത്യം ജില്ലാ മെഡിക്കൽ ആഫീസുകൾ വഴി വിതരണം ചെയ്യുന്നുണ്ട്. ദേശീയ നഗരാരോഗ്യ ദൗത്യത്തിന് കീഴിൽ പ്രതിരോധ കുത്തിവെയ്പിനെപ്പറ്റി വീഡിയോ പരസ്യ ചിത്രങ്ങൾ നിർമ്മിക്കുന്നുണ്ട്. അനുയോജ്യമായ മാധ്യമങ്ങളിൽ ഇവ പ്രദർശിപ്പിക്കുകയും ചെയ്യും. റുബെല്ലാ വാക്സിൻ, ഡിഫ്ത്തീരിയ, പോളിയോ തുടങ്ങി വിവിധ വാക്സിനുകളെ പരാമർശിച്ച് ലഘുരേഖകളും കൈപുസ്തകങ്ങളും തയ്യാറാക്കി നൽകും. ജില്ലകളിൽ ജില്ലാ പ്രോഗ്രാം ആഫീസർ മുഖേന പരിശീലന കളരികളും ശില്പശാലകളും സംഘടിപ്പിക്കും.

(സി) വാക്സിനുകളും മരുന്നുകളും നിർമ്മിക്കുന്ന സ്ഥലങ്ങളിൽ നിന്നും അവസാന ഗ്രണഭോക്താവിൽ എത്തുന്നതുവരെ നിർമ്മാതാക്കൾ നിർദ്ദേശിച്ചിട്ടുള്ള ഊഷ്മാവിലാണ് സൂക്ഷിക്കപ്പെടുന്നതും കൈകാര്യം ചെയ്യുന്നതും. ഇത് കൃത്യമായി എല്ലാ സ്ഥാപനങ്ങളിലും നിയോഗിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർ മോണിറ്റർ ചെയ്യുന്നുണ്ട്.

ഡോക്ടർമാരുടെ ഒഴിവുകൾ

113(2582) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദം, ഹോമിയോപ്പതി, അലോപ്പതി മേഖലകളിൽ ഡോക്ടർമാരുടെ എത്ര ഒഴിവുകളാണ് ഉള്ളത്;

(ബി) ഈ വിഭാഗങ്ങളിൽ ഡോക്ടർമാരുടെ റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ടോ എന്നും പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ?